**വിക്ടേഴ്സ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും**

**കേരള പാഠാവലി- X**

**പാവങ്ങൾ - 04**

**07-10-2020**

✝ മുൻ ക്ലാസിൽ നൽകിയ തുടർ പ്രവർത്തനം ഓർമ്മപ്പെടുത്തി.

■ഴാങ് വാൽ ഴാങ് - കഥാപാത്ര നിരൂപണം

✝ നോവലിലെ മറ്റൊരു പ്രധാന കഥാപാത്രമായ മെത്രാന്റെ പ്രവൃത്തികൾ, വാക്കുകൾ എന്നിവ വിശകലനം ചെയ്തുകൊണ്ട് ആ കഥാപാത്രത്തിന്റെ സവിശേഷതകൾ വ്യക്തമാക്കി.

- മെത്രാൻ : ഒരു രൂപതയുടെ അധിപനായ പുരോഹിതൻ . ബിഷപ്പ് എന്നും വിളിക്കുന്നു.

✝ മെത്രാന്റെ മഹത്വം വെളിവാകുന്ന കഥാ സന്ദർഭങ്ങൾ വിശദീകരിച്ചു.

▶ എല്ലാവരാലും തിരസ്കരിക്കപ്പെട്ട ഴാങ് വാൽ ഴാങ് എന്ന കുറ്റവാളിയെ സ്നേഹപൂർവ്വം സ്വീകരിച്ചു.

▶ സർ എന്നും എന്റെ സഹോദരാ എന്നുമാണ് മെത്രാൻ ഴാങ് വാൽ ഴാങിനെ അഭിബോധന ചെയ്യുന്നത്.

▶ വിശപ്പും ദാഹവും കൊണ്ട് വലഞ്ഞ ഴാങ് വാൽ ഴാങ്ങിന് ആഹാരവും ആശ്രയവും നൽകുക വഴി മെത്രാൻ ദൈവതുല്യനാകുന്നു.

 വിശക്കുന്നവന്റെ മുന്നിലേക്ക് ദൈവത്തിന് റൊട്ടിയായിട്ടല്ലാതെ പ്രത്യക്ഷപ്പെടാനാകില്ല - ഗാന്ധിജി.

▶ അതിഥി ദേവോ ഭവ: എന്ന തത്വം പ്രയോഗത്തിൽ വരുത്തുന്നതിലൂടെ മെത്രാൻ സാർവ്വലൗകികമായ സാഹോദര്യം എന്ന മൂല്യത്തെ ഉൾക്കൊള്ളുന്നു.

ഴാങ് വാൽ ഴാങ്ങിനെ യഥോചിതം സ്വീകരിക്കുകയും പരിചരിക്കുകയും ചെയ്യുന്നുണ്ട് മെത്രാൻ.

▶ സമത്വം, സ്വാതന്ത്ര്യം , സാഹോദര്യം എന്നീ മാനവിക മൂല്യങ്ങൾ മെത്രാനിൽ പ്രകടമാണ്.

▶ ■ആ വെള്ളി സാമാനങ്ങൾ നമ്മുടേതായിരുന്നുവോ ?

■ ഞാൻ  വളരെക്കാലം ആ വെള്ളി സാമാനങ്ങൾ സൂക്ഷിച്ചു പോന്നത് ശരിയായിട്ടല്ല. അത് പാവങ്ങളുടേതാണ്.

മെത്രാന്റെ ഈ വാക്കുകൾ,

- നാമോരോരുത്തരും വസ്തുക്കളുടെ സൂക്ഷിപ്പുകാർ മാത്രമാണ്.
- ഭൂമിയിലുള്ളതെല്ലാം എല്ലാവർക്കും അവകാശപ്പെട്ടതാണ്.

തുടങ്ങിയ മനോഭാവങ്ങളെ വെളിവാക്കുന്നതാണ്.

▶ഴാങ് വാൽ ഴാങ്ങിനെ മാത്രം ഉദ്ദേശിച്ചിട്ടുള്ളതല്ല മെത്രാന്റെ വാക്കുകൾ .

സമത്വവും സാഹോദര്യവും പുലർത്തുന്ന ഒരു ജീവിത കാഴ്ച്ചപ്പാടാണവ.

- ➢ തനിക്കുള്ളതെല്ലാം മറ്റുള്ളവർക്കായ് പങ്കുവെക്കുക.
- ➢ മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുക.

ഇത്തരം ജീവിത സന്ദേശങ്ങൾ മെത്രാൻ നമുക്ക് നൽകുന്നു.

- ➢ തന്റെ സുഖങ്ങൾ ഉപേക്ഷിച്ച് മറ്റുള്ളവർക്കായ് ജീവിച്ച ബുദ്ധനും, മഹാബലിയും, മദർതെരേസയും മെത്രാനിൽ സമ്മേളിക്കുന്നു.

▶ മനുഷ്യന്റെ ആവശ്യത്തിനുള്ളതെല്ലാം ഭൂമിയിലുണ്ട്. എന്നാൽ അത്യാർത്തിക്കുള്ള തില്ല - എന്ന ഗാന്ധി വചനം

മെത്രാൻ പാലിക്കുന്നു.

ഴാങ് വാൽ ഴാങ്ങിന് എല്ലാം വിട്ടുനൽകുക വഴി ലാളിത്യം കൊണ്ട് ജീവിതത്തെ ആഹ്ലാദപൂർണമാക്കാം എന്ന സന്ദേശം മെത്രാൻ വായനക്കാരിലേക്ക് പകരുന്നു.

▶ പോലീസ് പിടിയിലായ ഴാങ് വാൽ ഴാങ്ങിനോടുള്ള മെത്രാന്റെ സമീപനം അദ്ദേഹത്തിന്റെ മഹത്വം വർദ്ധിപ്പിക്കുന്നു.

ഴാങ് വാൽ ഴാങിനെ ശിക്ഷയിൽ നിന്നും മോചിപ്പിച്ച മെത്രാൻ

■പാപത്തെ വെറുക്കുക പാപിയെ സ്നേഹിക്കുക

എന്ന ബൈബിൾ പാഠത്തെ ജീവിതം കൊണ്ട് കാണിച്ചു തരുന്നു.

ഴാങ് വാൽ ഴാങ്ങിന്റെ കുറ്റങ്ങൾ പൊറുത്തു കൊടുത്തു കൊണ്ട് അയാളെ ഹൃദയത്തോട് ചേർത്തു പിടിക്കുന്നു.

- ➢ സ്നേഹിക്കയുണ്ണീ നീ നിന്നെ ദ്രോഹിക്കുന്ന ജനത്തെയും - കുമാരനാശാൻ .

▶ തന്റെയോ മറ്റുള്ളവരുടെയോ നേട്ടത്തിനല്ലാതെ, നിസ്വാർത്ഥവും നിർദോഷവുമായ ഒരു കളവ് കൊണ്ട് മെത്രാൻ ഒരു മനുഷ്യനെ നന്മയിലേക്ക് നയിക്കുന്നു. അതിനാൽ ആ അസത്യം സത്യമായി തീരുന്നു.

▶ ചെറിയ കുറ്റത്തിന് വലിയ ശിക്ഷ നൽകുന്ന നിയമവ്യവസ്ഥ മാത്രമല്ല തെറ്റുകൾക്ക് മാപ്പു നൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥ കൂടി ലോകത്തുണ്ടെന്ന് മെത്രാൻ നമ്മെ പഠിപ്പിക്കുന്നു.

- ➢ അരി മോഷ്ടിച്ചതിന് ആൾക്കൂട്ട കൊലയ്ക്ക് വിധേയനായ മധു എന്ന ചെറുപ്പക്കാരന്റെ അനുഭവം സാന്ദർഭികമായി ഓർമ്മപ്പെടുത്തിക്കൊണ്ട് വർത്തമാന കാല സമൂഹം തെറ്റു ചെയ്യുവരോട് കാണിക്കുന്ന ക്രൂരതകളെ ചൂണ്ടിക്കാട്ടി.

▶ എന്റെ സ്നേഹിതാ ഇനി ഇങ്ങോട്ട് വരുമ്പോൾ നിങ്ങൾക്ക് തെരുവിലേക്കുള്ള വാതിലിലൂടെ തന്നെ വരാം - എന്ന മെത്രാന്റെ വാക്കുകൾ മണ്ണിലും മനസ്സിലും സ്വാർത്ഥതയുടെ വലിയ മതിലുകൾ കെട്ടിപ്പൊക്കുന്ന പുതിയ മനുഷ്യർക്ക് ഒരു പാഠമാണ്.

■ പ്രളയകാലത്ത് മതിലുകൾ വിനയായതിന്റെയും മതിലുകൾ നിരർത്ഥമായതിന്റെയും ഓർമ്മകൾ ഉണർത്തി.

▶ സർ, എന്റെ സഹോദരാ, സ്നേഹിതാ എന്നിങ്ങനെയാണ് മെത്രാൻ ഴാങ് വാൽ ഴാങ്ങിനെ അഭിസംബോധന ചെയ്യുന്നത്.

ഈ സംബോധനകൾ ആദരവും സാഹോദര്യവും സ്നേഹവും പ്രകാശിപ്പിക്കുന്നവയാണ്. വിശ്വമാനവികത എന്ന മൂല്യം ഈ സംബോധനകളിൽ തെളിയുന്നു.

- സ്നേഹം നരകത്തിൻ ദ്വീപിൽ

സ്വർഗഗേഹം പണിയും പടുത്വം.

- കുമാരനാശാൻ -

▶ ഒരു സത്യസന്ധനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തത് ഒരിക്കലും മാക്കരുതേ - എന്ന ഓർമ്മപ്പെടുത്തൽ കൊണ്ട് സത്യം , സ്നേഹം എന്നീ മെഴുകുതിരിക്കാലുകൾ ജീവിതം പ്രകാശമാനമാക്കുമെന്ന സന്ദേശം ഴാങ് വാൽ ഴാങ്ങിലേക്ക് മെത്രാൻ പകരുന്നു.

സത്യത്തിന്റെ മഹത്വം മെത്രാൻ തന്റെ വാക്കുകളിലൂടെ ഊട്ടിയുറപ്പിക്കുന്നു.

തുടർ പ്രവർത്തനം -

1. പാവങ്ങളിലെ മെത്രാന്റെ ജീവിതം സമകാലിക സമൂഹത്തിന് നൽകുന്ന സന്ദേശങ്ങൾ എന്തൊക്കെയാണ്. കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക ?

തയ്യാറാക്കിയത് : നവാസ് മന്നൻ
GHSS ശ്രീകണ്ഠപുരം

visit www.shenischool.in
whatsap up to join our group 7012498606